# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ - 3475

09.04.2013-ൽ
മറുപടിയ്ക്ക്

### റോഡുനിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം

ചോദ്യം
ശ്രീ. പി. തിലോത്തമൻ

ഉത്തരം
ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്
(മരാമത്തുവകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) കേരളത്തിലെ റോഡുകളുടെ നിർമ്മാണത്തിനുപയോഗിക്കുന്ന ടാർ അടക്കമുള്ള നിർമ്മാണ വസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ; | (എ) പൊതുമരാമത്ത് വകുപ്പ് പ്രവർത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനു നിലവിലുള്ള കോഡും, മാന്വലും അനുസരിച്ചുള്ള നടപടികൾക്ക് പുറമേ 3 മേഖലകൾക്കായി (ദക്ഷിണ മേഖല, മദ്ധ്യ മേഖല, ഉത്തര മേഖല) 3 മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലകളിലും ഗുണമേന്മ പരിശോധന ലബോറട്ടറികൾ സ്ഥാപിക്കുന്നതിനു ഉത്തരവുകൾ പുറപ്പെടുവിക്കുകയും ലാബുകൾക്ക് ആവശ്യമായ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനു 10.98 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ദേശീയപാത വിഭാഗത്തിൽ ലഭ്യമാകുന്ന ടാർ അംഗീകൃത റിഫൈനറികളിൽ നിന്നും ഗുണനിലവാരം ഉറപ്പാക്കുന്ന ടെസ്റ്റ് സർട്ടിഫിക്കറ്റോടുകൂടിയാണ് ലഭിക്കുന്നത്. കൂടാതെ എല്ലാ കരാറുകളിലും ഗുണനിലവാരം പരിശോധിക്കുവാനുള്ള സംവിധാനം പ്രവൃത്തിയോട് അനുബന്ധിച്ച് തന്നെ ഉണ്ടാക്കുവാൻ വ്യവസ്ഥയുണ്ട്. അതു പ്രകാരം ടാറിന്റെ ഗുണനിലവാരം പണി സ്ഥലത്തുതന്നെ പരിശോധിക്കാവുന്നതാണ്. കൂടാതെ ദേശീയപാത വിഭാഗത്തിന്റെ കീഴിൽ ക്വാളിറ്റി |

കൺട്രോൾ സബ് ഡിവിഷനുകളും, കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സേവനങ്ങളും ലഭ്യമാണ്.

(ബി) നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരമില്ലായ്മമൂലം പൊതുമരാമത്ത് റോഡുകളുടെ കാലദൈർഘ്യം കുറയുന്നതായ പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പൊതുമരാമത്ത് റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(സി) ഇതിനായി റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി ലിമിറ്റഡ് രൂപീകരിച്ച പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തു കോൺക്രീറ്റ് റോഡുകൾ നിർമ്മിക്കുന്നതിന്റെ ആദ്യപടി ആയി എറണാകുളത്തെ സീപോർട്ട് - എയർപോർട്ട് റോഡിൽ എച്ച്.എം.ടി. കവല മുതൽ മണലിമുക്കുവരെയുള്ള ഭാഗത്തെ പ്രവർത്തികൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദേശീയപാത വിഭാഗത്തിൽ പണികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന്റെ ഭാഗമായി പണികൾക്ക് നിശ്ചിത കാലാവധിയുള്ള ഡിഫക്റ്റ് ലയബിലിറ്റി, കോൺട്രാക്ടറുടെ തന്നെ ഉത്തരവാദിത്വത്തിൽ കരാറിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഈ വ്യവസ്ഥ പരിപാലിക്കപ്പെടുകയും ചെയ്യുന്നുണ്ട്. കൂടാതെ പണി നടക്കുന്ന സമയത്ത് പണിയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് രണ്ട് ക്വാളിറ്റി കൺട്രോൾ സബ്ഡിവിഷൻ നിലവിൽ ഉണ്ട്. അവർ നിരന്തരം പണികളുടെ ഗുണനിലവാരം പരിശോധിച്ച് ആയത് ഉറപ്പാക്കുകയും ചെയ്യുന്നു.

| | |
|---|---|
| (ഡി) ഈ സർക്കാർ ചേർത്തല മണ്ഡലത്തിൽ ഏതെല്ലാം പൊതുമരാമത്ത് റോഡുകളുടെ പുനരുദ്ധാരണത്തിനായി എത്ര തുക വീതം ചെലവഴിച്ചുവെന്നുള്ളതിന്റെ വിശദാംശം വ്യക്തമാക്കുമോ? | (ഡി) തണ്ണീർമുക്കം സ്കൂൾ കവല മുട്ടത്തിപ്പറമ്പ് റോഡ് - 99 ലക്ഷം.<br><br>മനോരമ കവല വികസനം - 335 ലക്ഷം<br><br>എന്നീ പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>ഈ സർക്കാർ നിലവിൽ വന്നതിനു ശേഷം ചേർത്തല മണ്ഡലത്തിൽ NH47-ൽ കി.മീ. 379/100 മുതൽ 387/300 വരെ (4 വരിയിലും) 387/300 മുതൽ 390/570 വരെ (2 വരിയിലും) പുനരുദ്ധരണത്തിനായി 636.89 ലക്ഷം രൂപ കേന്ദ്രഫണ്ടിൽ നിന്നും ചിലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ